# അക്ഷരാത്മിക

## 2019-2020

**ഗവ. ഹയർ സെക്കന്ററി സ്കൂൾ**

**ഏരൂർ**

# അക്ഷരാത്മിക



പ്രസിദ്ധീകരിക്കുന്നത് :

**ലിറ്റിൽ കൈറ്റ്സ്**

(LK/2018/40027)

**ഗവ: ഹയർ സെക്കന്ററി സ്കൂൾ, ഏരൂർ**

# സന്ദേശം



ഏരൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ '**ലിറ്റിൽ കൈറ്റ്സ്**' എന്ന ഐ.ടി കൂട്ടായ്മ തയ്യാറാക്കിയ '**അക്ഷരാത്മിക**'യെന്ന ഡിജിറ്റൽ മാഗസിൻ സാങ്കേതികത്വത്തോടൊപ്പം കുട്ടികളുടെ സർഗവാസനകളെ കൂടി പരിപോഷിപ്പിക്കുന്നതാണ്.

'അക്ഷരാത്മികയ്ക്ക്' ഹൃദയം നിറഞ്ഞ ആശംസകൾ !

**വി. എസ്. ശ്രീദേവി**
ചീഫ് എഡിറ്റർ (ഹെഡ്മിസ്ട്രസ്)
ഗവ. എച്ച്.എസ്.എസ്, ഏരൂർ

# സന്ദേശം




നമ്മുടെ സ്കൂളിലെ '**ലിറ്റിൽ കൈറ്റ്സ്**' എന്ന ഐ.ടി കൂട്ടായ്മയിലെ കുട്ടികൾ തയ്യാറാക്കിയ '**അക്ഷരാത്മിക**'യെന്ന മാഗസിന് എല്ലാ ഭാവുങ്ങളും നേരുന്നു.

**പി. എസ്. ഗോപകുമാർ**
പ്രിൻസിപ്പൽ
ഗവ. എച്ച്.എസ്.എസ്, ഏരൂർ

# സന്ദേശം



ഏരൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ '**ലിറ്റിൽ കൈറ്റ്സ്**' യൂണിറ്റ് തയ്യാറാക്കിയ '**അക്ഷരാത്മിക**' എന്ന ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ചവരെ അനുമോദിക്കുന്നതിനോടൊപ്പം ആശംസകളും നേരുന്നു.

**പി. ജി. പ്രദീപ്**
പി.റ്റി.എ പ്രസിഡന്റ്
ഗവ. എച്ച്.എസ്.എസ്, ഏരൂർ

# എഡിറ്റോറിയൽ ബോർഡ്

ശ്രീമതി. വി.എസ്. ശ്രീദേവി (ഹെഡ്മിസ്ട്രസ്)

ശ്രീ. പി.ജി. പ്രദീപ് (പി.റ്റി.എ പ്രസിഡന്റ്)

ശ്രീ. രമേഷ്കുമാർ (കൈറ്റ് മാസ്റ്റർ)

ശ്രീമതി. ബിന്ദു. ജി (കൈറ്റ് മിസ്ട്രസ്)

ആദിത്യൻ. വി (ലീഡർ, ലിറ്റിൽ കൈറ്റ്സ്)

അഞ്ജിമ ബി. പ്രസാദ് (ഡെപ്യൂട്ടി ലീഡർ, ലിറ്റിൽ കൈറ്റ്സ്)

ഗാഥാ ഗിരീഷ്

ആദിത്യ ദേവ്

ആദിത്യൻ ഡി. അജയ്

അഖിലേഷ്. പി

നൈതൽ. എ

അനുരാഗ് കൃഷ്ണൻ

ബിസ്മില്ലാഖാൻ

ഫെബാജോൺ

അൽഫിയ. എ

# ആമുഖം

കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരമേഖലയായ ഏരൂരിൽ ഒന്നര നൂറ്റാണ്ടിലേറെ ക്കാലമായി പ്രകാശിക്കുന്ന വിദ്യാദീപമാണ് ഗവ. ഹയർ സെക്കന്ററി സ്കൂൾ. ഏതാനും വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച ഈ വിദ്യാലയം ഇന്ന് കൊല്ലം ജില്ലയിലെ തന്നെ എണ്ണപ്പെട്ട സ്കൂളുകളിലൊന്നായി മാറിക്കഴിഞ്ഞു. അക്കാദമി രംഗത്തും കലാ-കായിക ശാസ്ത്രമേഖലകളിലും വിസ്മയകരമായ നേട്ടങ്ങളാണ് വർഷങ്ങളായി ഈ വിദ്യാലയ മുത്തശ്ശി കൈവരിച്ചുവരുന്നത്.

5 മുതൽ 12 ക്ലാസ്സുവരെയായി 1300-ഓളം വിദ്യാർത്ഥികളാണ് ഇവിടെ അധ്യയനം നടത്തിവരുന്നത്. ഒപ്പം ഉപരിപഠനസൗകര്യാർത്ഥം കേരളാ യൂണിവേഴ്സിറ്റിയുടെ യു.ഐ.റ്റി സ്കൂൾ കാമ്പസിൽത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികളിലെ കായികവും മാനസികവും സാമൂഹികവുമായ വികാസങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് എൻ.സി.സി, എസ്.പി.സി, ജെ.ആർ.സി, എൻ.എസ്.എസ്, സ്കൗട്ട് & ഗൈഡ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സംരംഭങ്ങൾ സ്തുത്യർഹമായ സേവനമാണ് ഇവിടെ നിർവ്വഹിച്ചു വരുന്നത്. ഇത്രയധികം ക്ലബ്ബുകൾ ഒരുമിച്ച് പ്രവർത്തിക്കുന്ന അപൂർവ്വം വിദ്യാലയങ്ങളിലൊന്നാണ് ഏരൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ.

സ്കൂളിന്റെ സമഗ്രവികസനത്തിന് പ്രാധാന്യം നൽകുന്ന അധ്യാപക-രക്ഷാകർതൃ സമിതിയും കർമ്മനിരതരായ അധ്യാപകരുമാണ് വിദ്യാലയത്തെ നേട്ടങ്ങളിലേക്ക് നയിക്കുന്നത്. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങൾ സ്കൂളിന്റെ നേട്ടങ്ങൾക്കായി വിഭാഗീയതകളില്ലാതെ പ്രവർത്തിക്കുന്നു.

വിവിധങ്ങളായ ലക്ഷ്യങ്ങൾ മുൻനിർത്തി വിദ്യാർത്ഥികളുടെ വ്യക്തിത്വവികാസത്തിന് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന ക്ലബ്ബുകളിൽ വളരെ സജീവവും പ്രാധാന്യ മേറിയതുമാണ് ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മ.

# ഉള്ളടക്കം

1 കുറിപ്പ് ........ 9
2. ഹരിതകേരളം ........ 10
3. എ.പി.ജെ അബ്ദുൽ കലാം ........ 11
4. ഒരു മൂകസാക്ഷിയുടെ ചോദ്യം ........ 12
5. വിഡ്ഢിയുടെ വിധി ........ 13
6. മഹത് വചനങ്ങൾ ........ 14
7. വില്ലൻ: ഇന്റർനെറ്റ് ആർക്കൈവ് ........ 15
8. ശാസ്ത്രം രക്ഷകനോ ശിക്ഷകനോ ........ 16
9. ഇര ........ 18
10. കുട്ടിയാന ........ 19
11. പൂമ്പാറ്റ ........ 20
12. കൃഷിപ്പാട്ട് ........ 21
13. ഞണ്ടും ആനയും ........ 22
14. പഴഞ്ചൊല്ലുകൾ ........ 23
15. കടങ്കഥകൾ ........ 24
16. Mother ........ 25
17. The Precious Gift ........ 26
18. Reality of Fear ........ 27
19. Flowers ........ 28
20 Time ........ 29
21. Rain ........ 30
22. Saving the Moon ........ 31
23. The Lion and the Boar ........ 32
24. Chandrayan 2 ........ 33
25. Culture of Kerala ........ 35
26. Malayalam Literature ........ 36
27. 2019 Nobel Prize ........ 37
28. Nature's Charm ........ 39
29. Australian Bush Fire ........ 40
30. Aag Jalni Chahiye ........ 41

# സ്നേഹപൂർവ്വം അച്ചുവിന്,



നിനക്കായ് സ്മരണയുടെ മയിൽപ്പീലിത്തണ്ടുണ്ട്...

ഇതിലുള്ള ഓരോ വർണ്ണങ്ങളും വരകളും നിനക്കുള്ള സ്നേഹചുംബനങ്ങളാണ് അച്ചൂ....

ഈ അക്ഷരങ്ങൾ നമ്മൾ പങ്കുവച്ചെടുത്ത നിമിഷങ്ങളുടെ ഹൃദയത്തുടിപ്പുകളാണ്. നിറനിലാവും ഒപ്പം പൊഴിയുന്ന മഞ്ഞും നമ്മുടെയാണെന്ന് നിന്റെ ഓരോ കൈപ്പടയും ഓർമ്മിപ്പിക്കുന്നു.

പ്രിയമുള്ളവളേ.....

സാഹിത്യത്തിന്റെ വേദിയിൽ, സർഗാത്മകപ്രഭാവത്തിന്റെ കുത്തൊഴുക്കിൽ ഉജ്ജ്വലനക്ഷത്രമായി ജ്വലിച്ചു നിൽക്കുന്ന നിന്നെയോർത്ത് ഇന്നീ അനുജത്തി ഏറെ അഭിമാനിക്കുന്നു. ജനസഹസ്രങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളനാടിന്റെ വിദ്യാഭ്യാസമേധാവി ബഹു. മന്ത്രി ശ്രീ. രവീന്ദ്രനാഥ് അവർകളുടെ പക്കൽ നിന്നുകൂടി നീ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങിയല്ലോ. നിന്റെ തൂലികയുടെ പ്രഭാവം നാടാകെ ഉയർന്നിരിക്കുന്നു. എന്നും തുമ്പപ്പൂവും അതിനെ വലംവയ്ക്കുന്ന ശലഭങ്ങളും പൂത്തുമ്പികളും, നമ്മുടേതാണെന്ന തിരിച്ചറിവിനും കൂട്ടായി, നിന്റെ ഉയർച്ചയ്ക്ക് സർവ്വാധാരവും തന്നത് ഈ വിദ്യാലയമാണെന്ന് ഏത് വേദിയിലും ഉറപ്പോടെ നിനക്കു പറയാനാകുമ്പോൾ, ചേച്ചീ.... ഞാൻ ഈ വിദ്യാലയമുത്തശ്ശിക്ക് ചോട്ടിൽ തണൽ കൊള്ളുന്നുവെന്നോർത്ത് ഏറെ കൃതാർത്ഥയാണ്.

നീളുന്ന യാമങ്ങളിൽ നിന്റെ ഏകാന്ത വിഹ്വലതകൾക്ക് സാന്ത്വനമേകാൻ നക്ഷത്രജാലമുണ്ടെന്ന സത്യം നീയറിയുക, അതിലോരോ നക്ഷത്രക്കുഞ്ഞുങ്ങളും എന്നെപ്പോലെ നിന്റെ രചനകളെ ഏറെ കൗതുകത്തോടെ വായിച്ചറിയാൻ വെമ്പിനിൽക്കുന്നവരാണെന്നും നീ ഓർക്കുക. പെയ്യാൻ വിതുമ്പി നിൽക്കുന്ന മേഘം പെയ്തിറങ്ങേണ്ടത് നമ്മുടെ മനസിലേയ്ക്കാവട്ടെയെന്ന് ആഗ്രഹിക്കാൻ ഉള്ളിലെ നന്മയുടെ തിരിനാളം കെടാതെ സൂക്ഷിക്കുക.

ചിരകാലമിങ്ങനെ ചിതൽ തിന്നു തീർന്നാലും ചിതയിൽ വെയ്ക്കാനുള്ള ചിലതിൽ നിന്റെ രചനകളിലൂടെ പ്രകാശിക്കുന്നത് ഇന്നീ സമൂഹത്തിന്റെ പ്രതിച്ഛായയാകട്ടെ! ഒപ്പം പരിമിതിക്കുള്ളിൽ നിന്ന് പരമാവധി വർണ്ണതയിലെത്താൻ ശ്രമിച്ച നിന്റെ കൈപ്പടവുകൾ രാവുകൾ പകലാക്കി അദ്ധ്വാനം പൂർത്തീകരിച്ചതിനുള്ള അംഗീകാരം തന്നെയാണ്.

നിന്റെ രചനകൾ മുൻവർഷത്തിന്റെ കണ്ണാടിച്ചിത്രവും വരുംനൂറ്റാണ്ടിന്റെ ദൂരദർശിനിയുമായി തീരട്ടെ.....

കാണുവാൻ വിജയത്തിന്റെ പടവുകൾ ഇനിയുമേറെ..... അവയൊക്കെയും നിന്റെ സ്വന്തമായി തീരട്ടെ.....

ആശംസകളോടെ....

അനിയത്തിക്കുട്ടി



**Anjima B. Prasad**
X A

# ഹരിതകേരളം



**Gadha Gireesh**
X A

കേരളത്തിന്റെ ഭൂപ്രകൃതി, മണ്ണ്, മഴ, കാലാവസ്ഥ, നദികൾ ഇവയൊക്കെ കാർഷിക പ്രവർത്തനങ്ങൾക്ക് അനുകൂലമായ നമ്മുടെ നാടിന്റെ കാർഷിക സംസ്കാരം വീണ്ടെടുക്കാൻ നമുക്ക് കഴിയണം. ഓരോ കുടുംബവും അവർക്കാവശ്യമായ പച്ചക്കറികൾ വീട്ടുപറമ്പിൽ കൃഷി ചെയ്യുന്നു. നാട്ടിലെങ്ങും വിഷരഹിത പച്ചക്കറികളും ഭക്ഷ്യ ധാന്യങ്ങളും വിളയുന്നു. പാടത്തും പറമ്പിലും അദ്ധ്വാനിക്കുന്നതുകൊണ്ട് ജീവിതശൈലീ രോഗങ്ങളുമില്ല.

കർഷകൻ എന്നത് ഒരു നാടിന്റെ അഭിമാനമാണ്. അന്നത്തെ വിദേശികൾക്കെല്ലാം കർഷകൻ ഒരു പുതുമയായിരുന്നു. അവർ നമ്മുടെ ഈ പാരമ്പര്യത്തെ ബഹുമാനിക്കുന്നു. കേരളം എന്ന നാടും അതിന്റെ പെരുമയും കർഷകൻ എന്ന ഒരു വലിയ സമൂഹത്തിൽ നിന്ന് ഉണ്ടായതാണ്. കേരളത്തിലെ ഒരു വലിയ സമൂഹത്തിന്റെ ജീവിതമാർഗ്ഗം തന്നെ കൃഷിയാണ്. പക്ഷേ ഇന്നത്തെ സമൂഹത്തിൽ ഇതെല്ലാം നഷ്ടമായിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ സമൂഹം ഭക്ഷണത്തിനുപോലും അന്യസംസ്ഥാനങ്ങളെ അഭയം തേടുന്നു.

ഇന്നത്തെ കേരളീയ സമൂഹത്തിലെ ജനങ്ങൾക്ക് കൃഷിയോട് താത്പര്യം വളരെ കുറവാണ്. അതിന്റെ കാരണം പണത്തിനോടുള്ള ആർത്തിയാണ്. ഒപ്പം തന്നെ ആർഭാട ജീവിതവും. കൃഷി ചെയ്യുന്നത് ഒരു നാണക്കേടായിട്ടാണ് എല്ലാവരും കണക്കാക്കുന്നത്. കൃഷി ചെയ്യാൻ സ്ഥലമില്ലാത്ത അവസ്ഥയും സമൂഹത്തിൽ നിലനിൽക്കുന്നു. അവിടെ കൂണുകൾപോലെ കെട്ടിടങ്ങൾ പൊങ്ങി വരുന്നു. മണ്ണിന്റെ വില അറിഞ്ഞ ഒരു സമൂഹം ഇന്ന് അന്യംനിന്നു പോകുന്നു. അലസതമൂലം രോഗങ്ങളെ അവർ തന്നെ ക്ഷണിച്ചു വരുത്തുന്നു.

പഴയകാല ജീവിതരീതി ഒരു നല്ല തലമുറയെ വാർത്തെടുക്കാനുള്ളതായിരുന്നു. പക്ഷേ ഇന്ന് അത് കാണാൻ സാധ്യമല്ല. പഴയകാല കർഷകസമൂഹം പുതുതലമുറയ്ക്കു വേണ്ടി ഒരുപാട് യാതനകൾ സഹിക്കുന്നതോടൊപ്പം അവർക്കായി കരുതുകയും ചെയ്തു.

ഇനിയുള്ള തലമുറയ്ക്കുവേണ്ടിയെങ്കിലും നാം പ്രവർത്തനസജ്ജരാകണം. നല്ല കർഷകന്റെ മൂല്യം മനസ്സിലാക്കി നമുക്കും പഴമയിലേക്ക് മടങ്ങാം. ഒപ്പം, ഇനിയുള്ള വയലേലകൾ എങ്കിലും മണ്ണിനാൽ മൂടപ്പെടരുത്. വർഷങ്ങൾ കഴിയുമ്പോൾ കർഷകനേയും വയലിനെയും തിരിച്ചറിയാത്ത സമൂഹം ഉണ്ടാകരുത്.

*'വയലേലകളും വിഷരഹിത*
*പച്ചക്കറികളും നിറഞ്ഞ ഒരു*
*നാട്. അതായിരിക്കണം*
*ഓരോ പൗരന്റേയും ലക്ഷ്യം*








**Akhilesh. P**
X C

# എ.പി.ജെ അബ്ദുൽ കലാം

## ഇന്ത്യയുടെ മിസൈൽമാൻ

- അവുൽ പക്കീർ ജൈനുലാബ്ദീൻ അബുദൽ കലാം എന്നു മുഴുവൻ പേര്
- 1931 ൽ ഒക്ടോബർ 15 ന് തമിഴ്നാട്ടിലെ രാമേശ്വരത്തു ജനനം
- അച്ഛൻ ജൈനുലാബ്ദീൻ, അമ്മ ആഷിയമ്മ
- രാമേശ്വരം എലിമെന്ററി സ്കൂൾ, തിരുച്ചിറപ്പിള്ളി സെന്റ് ജോസഫ് കോളേജ്, മദ്രാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം
- 1960 ൽ ഡിആർഡിഒയിൽ ശാസ്ത്രജ്ഞനായി ഔദ്യോഗിക ജീവിതത്തിൽ തുടക്കം.
- കരസേനയ്ക്കുവേണ്ടി ഹെലികോപ്റ്ററുകൾ രൂപകൽപന ചെയ്തു.
- 1965-ൽ റോക്കറ്റ് രൂപകൽപ്പന തുടങ്ങി.
- 1969-ൽ ഐ.എസ്.ആർ.ഒയിലേക്ക് മാറുന്നു. തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്ററിൽ പ്രവർത്തനങ്ങളിൽ ആദ്യം മുതൽ പങ്കാളി. ഇവിടെ വച്ച് എസ്.എൽ.വി-3 റോക്കറ്റുകളുടെ രോഹിണി ഉപഗ്രഹത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളിൽ ആദ്യം മുതൽ ഭാഗഭാക്കായി.
- 1992-1999 കാലത്ത് ഡി.ആർ.ഡി.ഒ സെക്രട്ടറി 1992 മുതൽ 1996 വരെ പ്രധാനമന്ത്രിയുടെ മുഖ്യശാസ്ത്ര ഉപദേഷ്ടാവ്.
- 1998-ൽ ഇന്ത്യയുടെ രണ്ടാമത്തെ ആണവ പരീക്ഷണത്തിനു നേതൃത്വം നൽകി.
- 2002 ജൂലൈ 19ന് ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായി.
- 2007 ൽ രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞു.
- 2007 മുതൽ വിവിധ ഐ.ഐ.എമ്മുകളിൽ വിസിറ്റിംഗ് പ്രൊഫസർ.
- 2015 ജൂലൈ 27 ന് ഷില്ലോങ് ഐ.ഐ.എമ്മിൽ പ്രഭാഷണത്തിൽ കുഴഞ്ഞു വീണു മരിച്ചു.

# ഒരു മൂകസാക്ഷിയുടെ ചോദ്യം......



അണയാൻ കാത്തുനിന്ന മെഴുതിരിനാളമേ,
നീ അണയാൻ പോന്നതിൻ കാരണം
എന്തേ എന്നോട് ചൊന്നീലാ....?
നിന്റെ നെറുകയിൽ എരിഞ്ഞമരാൻ....
ആ വേദനയിൽ മരിക്കാൻ...
എന്തിനു നീ അവരെ അനുവദിച്ചു?
ഉത്തരമില്ലേ.... നിനക്കെന്നോടു ചൊല്ലുവാൻ?
അതോ, ഉത്തരമില്ലെന്ന് നീ നടിക്കയാണോ?
നടിച്ചാലും ഇല്ലെങ്കിലും അറിയുക നീ
"ഞാൻ അകറ്റിയത് രണ്ടാത്മാക്കളെ
അവരുടെ പാരസ്പര്യത്തെ" എന്ന്.
കെട്ടുപോയാൽ സ്വയം കത്താൻ
ഇനിയൊരിക്കലും കഴിയില്ലല്ലോ എന്ന്
എന്തുകൊണ്ട് നീ മറന്നുപോയീ....?
അതൊന്ന് ഓർത്തിരുന്നുവെങ്കിൽ.....,
ഈ മൂകസാക്ഷിക്കുമുന്നിൽ,
നിനക്ക് തലകുനിക്കേണ്ടിവരില്ലായിരുന്നല്ലോ!
ഇവളുടെ ചോദ്യത്തിന്, നിനക്ക്
ഉത്തരം നൽകാൻ ആവുമായിരുന്നല്ലോ......!



**Nythal. A**
IX D





**Ayana. A**
VIII C

# വിഡ്ഢിയുടെ വിധി

ഒരിക്കൽ ഒരാൾ തന്റെ കുതിരയേയും ആടിനേയും വിൽക്കാനായി പട്ടണത്തിലേക്ക് പുറപ്പെട്ടു. അറിയപ്പെടുന്ന ഒരു വിഡ്ഢിയായിരുന്നു അയാൾ. അയാൾ ആടിന്റെ കഴുത്തിൽ ഒരു മണി കെട്ടിയിട്ടു. ആടിനെ കുതിരയുടെ വാലിൽ കെട്ടി. ആരെങ്കിലും മോഷ്ടിക്കാൻ ശ്രമിച്ചാൽ മണിയുടെ ശബ്ദം കൊണ്ട് അറിയാമല്ലോ എന്ന് അയാൾ വിചാരിച്ചു.

ബുദ്ധിമാന്മാരായ മൂന്നു കള്ളന്മാർ അയാളുടെ കുതിരയേയും ആടിനേയും തട്ടിയെടുക്കാൻ തീരുമാനിച്ചു. ആദ്യത്തെ കള്ളൻ സാവധാനം ആടിന്റെ കഴുത്തിലെ മണി അഴിച്ചെടുത്ത് കുതിരയുടെ വാലിൽ കെട്ടി. ആടിനേയും കൊണ്ട് അയാൾ കടന്നു. കുറച്ച് സമയം കഴിഞ്ഞ് രണ്ടാമത്തെ കള്ളൻ അയാളെ സമീപിച്ചിട്ടു പറഞ്ഞു 'കുറച്ചുപേർ ചേർന്ന് നിങ്ങളുടെ ആടിനെ മോഷ്ടിച്ചുകൊണ്ടു പോകുന്നത് ഞാൻ കണ്ടു. കുതിരയെ തന്നാൽ ഞാൻ പോയി അവരെ പിടിച്ചുകൊണ്ടുവരാം. ആ വിഡ്ഢി കള്ളൻ പറഞ്ഞതുകേട്ട് കുതിരയെ വിട്ടുകൊടുത്തു. കുതിരയുമായി പോയ കള്ളൻ പിന്നെ വന്നില്ല. അയാൾക്ക് തന്നോടുതന്നെ ദേഷ്യം തോന്നി. അയാൾ പിന്നീട് തൊട്ടടുത്ത കിണറിനടുത്തേക്ക് നടന്നു. അപ്പോൾ മൂന്നാമത്തെ കള്ളനും ഒപ്പം കൂടി. കള്ളൻ പറഞ്ഞു: 'ചില നാണയങ്ങളും വിലപിടിപ്പുള്ള സാധനങ്ങളും കിണറ്റിൽ വീണിട്ടുണ്ട്. അവ എടുത്ത് തന്നാൽ ഒരു സ്വർണ്ണനാണയം പ്രതിഫലമായി തരാം. ഇതുകേട്ട് തന്റെ വസ്ത്രങ്ങൾ അഴിച്ചുവെച്ചിട്ട് കിണറ്റിലേക്ക് എടുത്തു ചാടി. കുറേ സമയം തിരഞ്ഞിട്ടും ഒന്നും കിട്ടാതായപ്പോൾ അയാൾ കരയ്ക്കു കയറി. പാവം ഞെട്ടിപ്പോയി! അയാളുടെ വസ്ത്രങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു.

# മഹത് വചനങ്ങൾ

- അശ്രദ്ധ അറിവില്ലായ്മയെക്കാളേറെ ദോഷം ചെയ്യുന്നു - **ബെഞ്ചമിൻ ഫ്രാങ്ക്ലിൻ**
- പ്രതിഭയല്ല മനുഷ്യന്റെ സർവ്വസ്വവും. അത് മനുഷ്യന്റെ ഒരംശം മാത്രം. മേഘ ത്തിലെ മിന്നൽപിണർപോലെയാണ് പ്രതിഭ - **ടാഗോർ**
- നിങ്ങളെ തന്നെ സന്തോഷിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല വഴി മറ്റാരെയെങ്കിലും സന്തോഷിപ്പിക്കുന്നതാണ് - **മാർക്ക് ട്വയിൽ**
- കാരുണ്യം പ്രതികാരത്തിനെക്കാൾ മാന്യമാണ് - **ഷേക്സ്പിയർ**
- ഞാൻ ഭാവിയെപ്പറ്റി ചിന്തിക്കാറില്ല. അത് അത്രവേഗം വന്നെത്തുന്നു - **ഐൻസ്റ്റീൻ**
- അസഹിഷ്ണുത ശരിയായ ജനാധിപത്യ വളർച്ചയ്ക്ക് ഒരു തടസ്സവും ഹിംസയു മാണ് - **മഹാത്മാഗാന്ധി**
- നമ്മെ ദുഃഖിപ്പിക്കുന്ന ദോഷങ്ങൾക്കെല്ലാം ഉത്തരവാദി നാം തന്നെയാണ് - **സ്വാമി വിവേകാനന്ദൻ**
- ധീരപ്രവൃത്തികളുടെ സുഗന്ധമാണ് പ്രശസ്തി - **സോക്രട്ടീസ്**
- അവനവനെക്കുറിച്ചുള്ള അജ്ഞതയാണ് ഏറ്റവും വലിയ വിപത്ത് - **ശ്രീബുദ്ധൻ**
- സത്യത്തിന്റെയും അഹിംസയുടെയും ശക്തികൾ പ്രവർത്തനമാരംഭിച്ചാൽ ലക്ഷക്ക ണക്കിന് ആളുകളുടെ ഹൃദയത്തിൽ അരിച്ചിറങ്ങാൻ അതിന് സമയമേ വേണ്ട - **മഹാത്മാഗാന്ധി**
- സൗഹൃദം സ്ഥാപിക്കുന്നതിനു സാവകാശം മതി. എന്നാൽ സ്ഥാപിച്ച സൗഹൃദം ഉറച്ചതാകണം. നീണ്ടുനിൽക്കുന്നതും - **സോക്രട്ടീസ്**
- ഏതു രാഷ്ട്രത്തിന്റെയും വ്യക്തിയുടേയും ജീവിതത്തിൽ ദുഃഖത്തിന്റെ മുഹൂർത്ത ങ്ങളുണ്ടാകാറുണ്ട്. അത്തരം ദു:ഖങ്ങളിൽ മുങ്ങിത്തളരാതെ അവയെ അതിജീവി ക്കുന്നതിലാണ് നമ്മുടെ വിജയം - **ഇന്ദിരാഗാന്ധി**
- ഒരു വാതിൽ അടയ്ക്കുമ്പോൾ മറ്റൊരു വാതിൽ തുറക്കപ്പെടുന്നു. എന്നാൽ നാം പലപ്പോഴും അടയ്ക്കപ്പെട്ട വാതിലിനുനേരെ ദു:ഖത്തോടെ നോക്കിയിരി ക്കുന്നതിനാൽ നമുക്കായി തുറക്കപ്പെട്ട് പുതുവാതായനം കാണാതെ പോകുന്നു - **അലക്സാണ്ടർ ഗ്രഹാംബെൽ**

**Swathy S. Kumar**
VIII B



**Abhilekshmi. S**
X A

# വില്ലൻ: ഇന്റർനെറ്റ് ആർകൈവ്

ഒരു നിയന്ത്രണവും കൂടാതെ എല്ലാ വിവരങ്ങളും എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഡിജിറ്റൽ ലൈബ്രറിയാണ് ഇന്റർനെറ്റ് ആർകൈവ്. സാൻ ഫ്രാൻസിസ്കോയിലാണ് ഇതിന്റെ ആസ്ഥാനം. പുസ്തകങ്ങൾ, വെബ്സൈറ്റുകൾ, സോഫ്റ്റ്‌വെയറുകൾ, ഗെയ്മുകൾ, ചലച്ചിത്രങ്ങൾ, ചിത്രങ്ങൾ എന്നീ ഡിജിറ്റൾ വസ്തുക്കളുടെ തുറന്ന ലഭ്യത ഇന്റർനെറ്റ് ആർകൈവിലൂടെ സാധ്യമാക്കുന്നു. ഇന്റർനെറ്റ് നമ്മുടെ നിത്യജീവിതത്തിന് ദോഷകരവുമാണ് ഗുണകരവുമാണ്. കൂടുതലും ദോഷങ്ങളാണ് നമുക്കുണ്ടാവാറുള്ളത്. അമിതമായുള്ള ഇതിന്റെ ഉപയോഗം നമ്മെ ഒരുപാടപകടങ്ങളിലേക്കു നയിക്കുന്നു. കുട്ടികളിലാണ് ഏറ്റവും കൂടുതൽ ഇതിന്റെ ഉപയോഗം നാം ഇപ്പോൾ കണ്ടുവരുന്നത്. ഇത് അവരെ വലിയ വലിയ ദോഷങ്ങളിലേക്ക് നയിക്കുന്നു. വീണ്ടും വീണ്ടും ഉപയോഗിക്കാൻ പ്രകോപിപ്പിക്കുന്ന ഒന്നാണ് ഇന്റർനെറ്റ്. അതുകൊണ്ടുതന്നെ ഇന്റർനെറ്റ് പ്രയോജനപ്രദമായി ഉപയോഗിക്കാൻ കുട്ടികളെ നാം പ്രാപ്തരാക്കണം.

# ശാസ്ത്രം രക്ഷകനോ ശിക്ഷകനോ?



**Anurag Krishnan A. N**
IX D

ഇത് ശാസ്ത്രയുഗമാണ്. മനുഷ്യനു വിവിധ രംഗങ്ങളിൽ സയൻസ് നൽകുന്ന സേവനങ്ങൾ അക്കമിട്ടു പറയുക സാധ്യമല്ല. ഒന്നുറപ്പിച്ചു പറയാം. മനുഷ്യന്റെ നേട്ടങ്ങൾക്കെല്ലാം സയൻസിന്റെ സഹായമാണ് ഉള്ളത്. അത് അവന്റെ ജീവിതനിലവാരവും ആഹ്ലാദവും വർദ്ധിപ്പിച്ചു.

ശാസ്ത്രം മാനവപുരോഗതിയുടെ ആധാരമാണ്. എന്നാൽ ഇന്നത് മാനവരാശിക്ക് ഒരു ഭീഷണിയായി മാറിയിരിക്കുന്നു. ശാസ്ത്രത്തിന്റെ തിന്മകൾ ലോകജീവിതത്തിന്റെ സ്വച്ഛതയ്ക്കും പ്രപഞ്ചതാളത്തിനും ഭംഗം വരുത്തുന്നു. അണുശക്തി മനുഷ്യരാശിക്ക് മഹാഭീഷണിയായി മാറിയിരിക്കുന്നു. സമാധാനാവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്ന ഈ ശാസ്ത്രനേട്ടം അണുബോംബായും ന്യൂക്ലിയർ ബോംബായും ഹൈഡ്രജൻ ബോംബായും ലോകനാശത്തിന് ഒരുക്കിവച്ചിരിക്കുന്നു. ലോകത്തിന്റെ ഭാവിതന്നെ വിദൂരനിയന്ത്രിക അണ്വായുധങ്ങളുടെ സ്വിച്ചുകളിലാണെന്നു പറയാം. ബഹിരാകാശംപോലും പടക്കളമാക്കാനുള്ള പദ്ധതിയാണ് യു.എസ്. ഇപ്പോൾ ലക്ഷ്യമിടുന്നത്. നക്ഷത്രയുദ്ധമെന്നു പേരു വിളിക്കാവുന്ന സ്റ്റാർ വാർ ലോകത്തിനാകെ ഭീഷണിയാണ്.

ശാസ്ത്രത്തിന്റെ സംഭാവനയാണ് മലിനീകരണം. ലോകമാകെ റേഡിയേഷൻ വികിരണങ്ങൾക്കു കീഴിലാണ്. അണ്വായുധങ്ങളുടെ നിർമ്മാണവും ആയുധകിടമത്സരവും ഇതിന് ആക്കം കൂട്ടുന്നു. അണുവിസ്ഫോടനങ്ങളും അണുശക്തിനിലയങ്ങളുടെ ചോർച്ചയും സ്ഥിതി കൂടുതൽ ഭീകരമാക്കുന്നു. കാൻസർപോലുള്ള മാരകരോഗങ്ങൾ പടർന്നുപിടിക്കാനിടയാക്കുന്നു. പ്രയോഗിച്ചാൽ അനന്തരഫലമെന്തെന്നറിയാത്ത നിരവധി രാസവസ്തുക്കൾ ഇവിടെ പ്രചാരത്തിലുണ്ട്. ഇവ മണ്ണും വിണ്ണും വായുവും ജലവുമൊക്കെ വിഷമയമാക്കുന്നു. പലതരം മാരകരോഗങ്ങൾക്ക് കാരണമാകുന്നു. എൻഡോസൾഫാനുണ്ടാക്കുന്ന ദുരിതങ്ങൾ നമുക്ക് അറിയാമല്ലോ.

മനുഷ്യൻ ബഹിരാകാശത്തേക്കു തൊടുത്തുവിട്ട നിരവധി ഉപഗ്രഹങ്ങൾ ഭൂമിക്കുചുറ്റും കറങ്ങുകയാണ്. അവ ഏതുനിമിഷവും പൊട്ടിത്തെറിക്കുന്ന ബോംബുകൾ പോലെയാണ്.

എ.സികളും റഫ്രിജറേറ്ററുകളും പുറത്തേക്കുവിടുന്ന വാതകങ്ങൾ അന്തരീക്ഷത്തിന്റെ കവചമായ ഓസോൺ പാളികളിൽ വിള്ളലുണ്ടാക്കുന്നു. സൂര്യനിൽനിന്നും വരുന്ന മാരകമായ രശ്മികളെ തടഞ്ഞു നിർത്തുന്ന ആവരണമാണ് ഇത്. ഇവയുടെ നാശം കാരണം മനുഷ്യശരീരത്തിൽ കാൻസർ ഉണ്ടാക്കുന്നു. 2025 ആകുമ്പോഴേക്കും ഭാരതത്തിലെങ്ങും ഇത്തരം രോഗങ്ങൾ സർവ്വസാധാരണമാകുമെന്ന് യു.എൻ പഠന റിപ്പോർട്ട് പറയുന്നു.

പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിർമ്മാണംമൂലം ഉണ്ടാകുന്ന അപകടകരമായ വാതകങ്ങൾ ഈ സാധ്യത വർദ്ധിപ്പിക്കുകയാണ്. ഫാക്ടറികളും വാഹനങ്ങളും അന്തരീക്ഷത്തെ

വിഷമയമാക്കുന്നു. സമുദ്രവും വായുവും മലിനീകരിക്കപ്പെടുന്നു. സമുദ്രത്തിൽ രസത്തിന്റെ അളവ് വർദ്ധിക്കുന്നു. സമുദ്രമലിനീകരണം സമുദ്രജലത്തിലെ സൂക്ഷ്മസസ്യങ്ങളെ നശിപ്പിക്കുന്നു. കരയിൽ ലഭ്യമാകുന്ന ഓക്സിജനിൽ 75% കടലിലെ സൂക്ഷ്മ സസ്യങ്ങളിൽ നിന്നാണ്. ശാസ്ത്രത്തിന്റെ ശിക്ഷയാണ് ഇതെന്ന് പറയേണ്ടിയിരിക്കുന്നു.

അണുശക്തി മനുഷ്യരാശിക്ക് ഭീഷണിയാണ്. അണുനിലയങ്ങൾ ഭാവിയെ തുറിച്ചു നോക്കുന്നു. സോവിയേറ്റ് യൂണിയനിലെ ആണവ അപകടം ഒരു ഉദാഹരണമാണ്. ഹിരോഷിമയും നാഗസാക്കിയും നമുക്ക് മുന്നിലുണ്ട്. മനുഷ്യന്റെ ദുരുപയോഗമാണോ ഇതിന് കാരണമെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

ശാസ്ത്രീയബോധം മനുഷ്യനു കിട്ടിയ വരമായിരുന്നു. പക്ഷേ, മനുഷ്യന്റെ അഹന്തയും ഉന്മൂലനവാസനയും അതിനെ ശാപമാക്കി. സ്വർഗത്തുനിന്നും അഗ്നിയും അക്ഷരവും ശാസ്ത്രവുമൊക്കെ മനുഷ്യനു പ്രൊമത്യൂസ് കവർന്നെടുത്തു നല്കിയ വരങ്ങളാണെന്നാണ് ഗ്രീക്ക് പുരാണങ്ങൾ പറയുന്നത്. പക്ഷേ, മനുഷ്യൻ ഇതെല്ലാം ദുരുപയോഗം ചെയ്തു തുടങ്ങി. അതോടെ മാനവരാശിക്ക് അവ വിനാശവും ഭീഷണിയുമായി.

ശാസ്ത്രം മനുഷ്യരാശിക്ക് ശിക്ഷകനോ രക്ഷകനോ എന്നോർക്കുമ്പോൾ ഒരുത്തരം തീർത്തു പറയുക സാധ്യമല്ല. ഒരു കൈയിൽ അനുഗ്രഹവും മറുകൈയിൽ മഹാശാപവുമായി അത് നമ്മുടെ മുന്നിൽ നിൽക്കുന്നു. ലോകക്ഷേമത്തിനു വേണ്ടത് തിരഞ്ഞെടുക്കാം. ലോകനാശത്തിനു വേണ്ടതും തിരഞ്ഞെടുക്കാം. വർത്തമാനകാലാനുഭവങ്ങൾ കാട്ടിത്തരുന്നത് അതാണ്. ഒരു വശം സൃഷ്ടോന്മുഖമാണ്. മറ്റേവശം വിനാശകരവും. സർവ്വതോന്മുഖമായ വശം മാത്രം തിരഞ്ഞെടുത്താൽ അത് മാനവരാശിക്ക് ശ്രേയസ്കരമായിരിക്കും.

□□□□□□

# ഇര




**Amina Rasheed**
VIII C

വിശന്ന വയറുമായാണവിടെ വന്നതെങ്കിലും
നിഷ്കളങ്കമായോരീ മുഖത്ത്
നോക്കിടുമ്പോൾ നിറഞ്ഞു പോകുന്നെന്റെ
മിഴികൾ രണ്ടും.
കുരുന്നു ജീവനെ
വിശക്കുന്നവൻ മാത്രം
ഹൃദയമില്ലാത്തവളല്ല ഞാൻ
തിരിച്ചു പോകയാണൊഴിച്ച
വയറുമായി
നൊന്തു പ്രസവിച്ചൊരമ്മയാണ്
ഞാനും.....



**Saranya R. S**
IX A


# കുട്ടിയാന



ഒരിടത്തൊരു ചെറിയ കാട്ടിൽ ഒരു കുട്ടിയാന ഉണ്ടായിരുന്നു. ഈ കുട്ടിയാന വികൃതിയായ ഒരു ആനയായിരുന്നു. ഒരു ദിവസം ഇവൻ കാട്ടിലൂടെ കറങ്ങി നടന്നപ്പോൾ അവനൊരു നിധി കിട്ടി. ആ നിധിയും കൊണ്ട് അവൻ ആ കാട്ടിലൂടെ ഓടി നടന്നു. അങ്ങനെ അവൻ ഓടിനടന്നതും ഒരു കുഴിയിൽ ചെന്ന് ഒറ്റ വീഴക്കം. ടപ്പേ..... എന്നൊരു ശബ്ദം മാത്രം കേട്ടു. അടുത്തു നിന്ന മൃഗങ്ങൾ അവിടേക്ക് ഓടി അടുത്തു. അവർ ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. അവർക്ക് അവനെ രക്ഷിക്കണമെന്നുണ്ട്. എന്നാൽ അവനെ രക്ഷിക്കാൻ അവർക്ക് ഒരു ഉപായവും ഇല്ലായിരുന്നു. അങ്ങനെ അതു വഴി വന്ന ടിങ്കു എന്ന ആനക്കുട്ടനെ അവർ കണ്ടു. രക്ഷയ്ക്കായി അവന്റെ അടുതത് അവരെല്ലാവരും ഓടിച്ചെന്നു. ഈ വികൃതിയായ കുട്ടിയാന ടിങ്കുവിനെ ഉപദ്രവിച്ചിട്ടുണ്ട്. എന്നാലും ടിങ്കു കുട്ടിയാനയെ രക്ഷിച്ചു. പിന്നെ ടിങ്കുവും കുട്ടിയാനയും നല്ല കൂട്ടുകാരായി.

# പൂമ്പാറ്റ

പുഞ്ചിരി തൂകും പൂവിൽ വന്ന്
ചെഞ്ചൊടി ചേർക്കും പൂമ്പാറ്റേ
ചന്തം തികയും നിന്നുടെ നൃത്തം
കണ്ടു രസിക്കാൻ ഞാൻ നിൽക്കേ
ആടിപ്പാടി നടക്കും നിന്നുടെ
മോടിയിലുള്ളൊരു കുപ്പായം
ആരു മെനഞ്ഞതു ചൊല്ലൂ വേഗം
ഞാനുമൊരെണ്ണം വാങ്ങട്ടെ
നീളെപ്പൂവുകൾ തേടി നടക്കും
നീയറിയാത്തൊരു വഴിയുണ്ടോ
നീ പോകുന്നൊരു വഴിയെ എനിക്കും
കൂടെ വരാനായ് കൊതിയുണ്ടേ !



**Sandra. S**
VIII B

# കൃഷിപ്പാട്ട്

## മാരിമഴകൾ ചൊരിഞ്ഞേ.....

മാരിമഴകൾ ചൊരിഞ്ഞേ- ചെറു
വയലുകളൊക്കെ നിറഞ്ഞേ
പൂട്ടിയൊരുക്കിപ്പറഞ്ഞേ- ചെറു
ഞാറുകൾ കെട്ടിയെറിഞ്ഞേ
ഓമല, ചെന്തില, മാല- ചെറു
കണ്ണമ്മ, കാളി, കറുമ്പി
ചാത്ത ചടയമാരായ- ചെറു
മച്ചികളെല്ലാരും വന്നേ
വന്നൂ നിരന്നവർ നിന്നേ- ചെറു
ഞാറുകൾ കെട്ടിപ്പകുത്തേ
ഒപ്പത്തിൽ നട്ടുകരേറാനവർ
കുത്തിയെടുത്തു കുനിഞ്ഞേ.....

## വിതച്ചുകിളപ്പാട്ട്



ഒന്നാംമല കേറി
ചെന്നപ്പോഴേ കിളി
ഒന്നര വട്ടക തേനെടുത്തേ
തേനെടുത്താം കിളി
കതിരെടുത്താം കിളി
താലോലം...... കിളി താലോലം.....

**Raga Babu**
VIII C

# ഞണ്ടും ആനയും

വെള്ളം വറ്റാത്ത ഒരു കുളമുണ്ടായിരുന്നു കാട്ടിൽ. മൃഗങ്ങളെല്ലാം ആ കുളത്തിലെ വെള്ളം കുടിച്ചു ജീവിച്ചു. ഒരു ദിവസം ഒരു ഞണ്ട് ആ കുളത്തിൽ താമസമാക്കി. വെള്ളം കുടിക്കാൻ കുളത്തിൽ ഇറങ്ങുന്നവരെയൊക്കെ ഞണ്ട് ഇറുക്കാൻ തുടങ്ങി. ഞണ്ടിനെ പേടിച്ച് ആരും അങ്ങോട്ട് പോകാതെയായി.



അങ്ങനെയിരിക്കെ ഒരു ദിവസം മറ്റൊരു കാട്ടിൽ നിന്ന് ഒരാന അവിടെ യെത്തി. വെള്ളം തേടി നടന്ന ആന ആ കുളം കണ്ടു. അവൻ തുമ്പിക്കൈ നീട്ടി കുളത്തിൽ നിന്ന് വെള്ളം കുടിക്കാൻ തുടങ്ങി.


പെട്ടെന്ന് ഞണ്ട് ആനയുടെ തുമ്പി കൈയിൽ ഇറുക്കി. അവൻ തുമ്പിക്കൈയിൽ വിടാതെ പിടുത്തമിട്ടു. ആന വേദനകൊണ്ട് പുളഞ്ഞു. എങ്കിലും ആന ചിന്തിച്ചു. 'എന്തെങ്കിലും സൂത്രം ഉപയോഗിച്ച് ഈ ഞണ്ടിനെ ശരിയാക്കാം!'

ആന പറഞ്ഞു: "കുളത്തിലെ രാജാവായ ഞണ്ടേ, ശക്തിമാനായ അങ്ങയെ നേരിൽ കാണണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഞങ്ങളുടെ രാജാവായ സിംഹത്തിനുപോലും അങ്ങയെ പേടിയാണ്. ദയവായി പുറത്തേക്ക് വരൂ!"

ആന പറഞ്ഞത് പൊങ്ങച്ചക്കാരനായ ഞണ്ടിന് ഇഷ്ടമായി. അവൻ ആനയുടെ തുമ്പിക്കൈയിൽ നിന്ന് പിടുത്തംവിട്ട് വെള്ളത്തിൽ കരയിലേക്ക് കയറിവന്നു. ഞണ്ടിനെ കണ്ടയുടൻ ആന ഒറ്റച്ചവിട്ട്. അതോടെ അഹങ്കാരിയായ ഞണ്ടിന്റെ കഥയും കഴിഞ്ഞു.

അഹങ്കാരം ആപത്തുക്ഷണിച്ചു വരുത്തുമെന്ന് മനസ്സിലായില്ലേ.

**Safana**
VIII B





**Adithya B.S**
X B

# പഴഞ്ചൊല്ലുകൾ

- കാണം വിറ്റും ഓണം ഉണ്ണണം
- മൂത്തവർ ചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും
- കരയുന്ന കുഞ്ഞിനെ പാലുള്ളൂ
- ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം
- ഉപ്പുതിന്നവൻ വെള്ളം കുടിക്കും
- ഉർവ്വശി ശാപം ഉപകാരമായി
- എണ്ണത്തിൽ കൂട്ടിയാൽ വണ്ണം കുറയും
- എലിയെ കൊല്ലുവാൻ ഇല്ലം ചുടുക
- അകത്ത് കത്തിയും പുറത്ത് പത്തിയും
- അക്കരെ ചെല്ലണം തോണിയും മുങ്ങണം
- ആട്ടിൻ തോലിട്ട ചെന്നായ
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- അച്ഛൻ ആനകേറിയാൽ മകന് തഴമ്പുണ്ടാകുമോ
- രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും പാലുതന്നെ
- അഞ്ചാണ്ട് സൂക്ഷിച്ചാൽ മഞ്ചാടിക്കും വില

# കടങ്കഥകൾ



**Adithyan D. Ajay**
X A

- അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില - പപ്പടം
- കുത്തിയാൽ മുളയ്ക്കില്ല വേലിയിൽ പടരും - ചിതൽ
- അകത്ത് രോമം പുറത്തിറച്ചി - മൂക്ക്
- അടയ്ക്കും തുറക്കും കിങ്ങിണി പത്തായം - കണ്ണ്
- അടി പാറ നടുവടി മീതെ കുട - ചേന
- ആകാശത്തിലേയ്ക്കെത്തുന്ന തോട്ടി - കണ്ണ്
- അമ്മയ്ക്ക് വാലില്ല മകൾക്ക് വാലുണ്ട് - തവള
- കിഴക്കുനിന്ന് വന്നു പടിഞ്ഞാറോട്ട് പോയി - സൂര്യൻ
- കൊക്കിരിക്കും കുളം വറ്റി വറ്റി - നിലവിളക്ക്
- ചില്ലിക്കൊമ്പിൽ ഗരുഡൻ തൂക്കം - വവ്വാൽ





**Ajmiya. S**
IX D

# MOTHER.....

Mother is the biggest wonder I have ever seen,
She is the powerful basement who holds me
She is the light beem who shows my path,
She is my shelter from all crisis,
She fire her wings to warm me.

My mother was born to heal my wounds,
She was born to make me perfect,
She is a ship for save me from sea,
She is an aeroplane for save me from air,
She is an angel from God to
Save me from all problems.

My mother is the only key for my success
A single poem cannot explain my mother.



**Haleema Ahammed**
IX D



# THE PRECIOUS GIFT

This is the gift of God,

God says, it is not only for you,

But it is also for others, from you.

Whiteness cannot add beauty to face,

But this gift can.

This gift solves big issues.

Present this gift to-

everyone without ego

The precious gift from God is,

..............SMILE..............!



**Alin Maria Simon**
VIII B

# REALITY OF FEAR

You're not scared of the dark
You're scared of what's in it
You're not afraid of heights
You're afraid of rejection.
You're not afraid to love
You're just afraid to accept the
reality that he's gone.
You're not afraid to
try again,
You're just afraid of getting
hurt for the same reason.

# Flowers



The pearl of the nature
And also the beauty of the nature
Nature prove their beauty through flowers
The breath of the nature.

The colours of flowers are
the wish of nature
The fragrance of flowers are
the hope of the nature
The flowers are the happiness
of the nature.

Oh! its wonder.........!
how beautiful is the nature now..!
Now nature become a dream
World !

**Anupama Ajeesh**
IX D

# Time




Time is precious
It is like a river.
It does not wait for anyone.
Time can bring a lot
of opportunities
but when we lose the
opportunity it will didn't
come back to our life.
Time also contains
a life of a person.
We cannot bring time
back to our life again
All time in our life
is very precious.

**Al-Asna**
VIII B

# RAIN



**Feba John**
IX D

Oh Rain ! you are the wonderful
creation of our mother earth.
You make us smile, enjoy and dance.
By listening to the raindrops
stars shine in our mind.
The stars of love and
the stars of hapiness.

When the pears of smile
touch our body,
we get affectionated, like when
mother touches us with
great love and care.



The cold breeze makes us shiver
and the thunder threatens us.
As they fall everytime,
the raindrops are eager to tell
us the secreat of nature.

We must listen to the
language of rain and
understand their feelings
The feelings that never die
and the feelings we must hear.




One night, a man was taking a walk. His name was Mullah. He saw a well and looked into it. He saw the moon in the well, under water. “Oh, the moon has fallen into the well”, Mullah said to himself. “I must save it”. “If the moon is in the water it will not grow smaller”, thought Mullah. “If the moon does not grow smaller, the month of Ramzan will not end. So I must pull the moon out of the water and put it back in the sky. He went and brought a big rope. He put one end of the rope into the well. The end of the rope got caught under a rock in the well. He thought the moon had caught it. Using all his strength, he began to pull. The rope became bookse. Mullah fell back on the ground. He felt pain and he lay there. Lying there, he looked up. Ah! there it was. The moon was shinning in the sky.

“So I have done it”, said Mullah to himself. “I have put the moon back in its place. If I had not seen the moon in the well, there would have been big trouble. By saying this, he walked towards his home.

# The Lion and the Boar



**Ganga M.V**
VIII C



It was a hot summer day. A lion and a boar reach a small water body for a drink. They begin arguing and fighting about who should drink first. After a while, they tired and stop for breath. And again they begin arguing and fighting. The lion said that He will drink the water first. The boar said that He will drink the water first. They both were very thirsty. Then also they are continuing the fight. The lion or the boar or the both may fall into the water at any time. Like that way their fight is going on. After sometime again they were tired and stop for breath. Soon they looked up to the sky they saw that some vultures are watching them. Soon they realize that the vultures are watching for one or both of them to fall, to feast on them. The lion and the boar then decided that it was best to make up and be friends than fight and become food for vultures. They drink the water together and go their ways after.

Moral: Those who strive are often watched by others to take advantage of their defeat.

# CHANDRAYAN 2



**Adithyan. V**
X A

The Chandrayan 2 is a best example of the improved science in India. Chandrayan 2 is a failure because of the damage in the Vikram lander but we can learn more from the Chandrayan2 mission more





With just hours left on the clock, the space agency in India – a nation of well over one billion people – was bracing for landing.

Kailasavadivoo sivan , the chair man of the indian space research organization (ISRO) had repeatedly referred to the last , long -awaited moments as the “15minutes of terror”.

But ISRO lost communication with its chandrayan2 lunar mission on Saturday, Sivan said ,in a set back to the nation’s ambitious plan to land an unmanned probe near the south pole of the moon.

A general mood of anxiety had surrounded by the voyage, with much anticipation of success for the three constituent parts : an orbiter, a lander (Vikram) and a rover (Pragyan).



Delhi hoped for an efortless “soft landing” for Vikram on the moons south pole, many weeks after the july 22 launch to confirm exactly where and just how much - water is on our moon.

If the touch down had succeeded , INDIA would hae joined the elite spacefaring nations :RUSSIA ,CHINA ,and the UNITED STATES.

# CULTURE OF
# KERALA

The culture of kerala is composite and cosmopolitan in nature and it is an integral part of indian culture .It is synthesis of Aryan and Dravidianculture ,defined by its antiquity and the organic continuity sustained by the malayalipeople. It has been elaborated through centuries of contact with neighbouring and overseas culture. However, the geographical insularity of from the rest of athe country has result in the development of a distinctive lifestyle, art,architecture, language,literature and social institution.Over 10,000 festival are celebrated in the every year .The malayalam calendar, solar calendar started from 825CE in Kerala, finds common usage in planning agricultural and religious activities

**Akshara. S**
VIII B


# Malayalam Literature

Malayalam literature starts from the late medieval period and includes such notable writers as the 14th-century Niranampoets(Madhavapanikkar, Sankara Panikkar and Rama Panikkar), and the 17th- century poet Thunchaththu Ezhuthachan, whose works mark the dawn ofboth the modern malayalam language and its poetry. Paremmakkal Thoma Kathanar and Kerala VarmaValiakoiThampuran are noted for their contribution to malayalam prose.

Triumvirate of poets (Kavithrayam) Kumaranasan,Vallathol Narayanamenon and Ulloor. S. Parameswara Iyer, are recognised for moving Keralite poetry away from archaic sophistry and metaphysics, and towards a more lyricalmode, In the secondhalf of the 20th century jnanpith winning poets and writers like G.sankaraKurup, S.K pottekkadu, thakazhi Sivasankarapillai, M.T VasudevanNair and O.N.V. Kurup had made valuable contributions to the modern malayalam literature later writers like O.V .Vijayan, Kamaladas, M.Mukundan, Arundhati Roy, Vaikom Muhammed Basheer, have gained international recognition.

**Adithyadev**
X A


2019 NOBEL PRIZE LAUREATES
The Nobel Prize in Physics 2019
James Peebles
"for theoretical discoveries in physical cosmology"
Michel Mayor
"for the discovery of an exoplanet orbiting a solar-type star"
Didier Queloz
"for the discovery of an exoplanet orbiting a solar-type star"
The Nobel Prize in Chemistry 2019
John B. Goodenough
"for the development of lithium-ion batteries"
M. Stanley Whittingham
"for the development of lithium-ion batteries"
Akira Yoshino
"for the development of lithium-ion batteries"


The Nobel Prize in Medicine 2019
William G. Kaelin Jr
"for their discoveries of how cells sense and adapt to oxygen availability"
Sir Peter J. Ratcliffe
"for their discoveries of how cells sense and adapt to oxygen availability"
Gregg L. Semenza
"for their discoveries of how cells sense and adapt to oxygen availability"
The Nobel Prize in Literature 2019
Peter Handke
"for an influential work that with linguistic ingenuity has explored the periphery and the specificity of human experience"








**Bismillah Khan**
IX D



**Akhilesh R. S**
X A




MASSIVE LOSS OF FAUNA IN AUSTRALIAN BUSHFIRES
Experts have estimated that around one billion animals died in he Australian bushfires which began in New South Wales (NSW) in September and later spread to the state of Victoria .
Chris Dickman ,a biodiversity expert from University of Sydney calculated the loss of fauna using estimates of mammal population density in NSW in 2007 and the density estimates by he areas of vegetation approved to be cleared .


Dickman established the value as about 480 million .The actual number was believed to be even higher since this value is for NSW alone .Moreover,480 million includes only mammals ,birds and reptiles and excludes insects ,bats or frogs.
Over the last 200 years ,nearly 34 species and subspecies of native mammals have become extinct in Australia .This is the highest rate of loss for any region in the world.

**Anandu. R**
IX A


आग जलनी चाहिए।
(दुष्यंत कुमार के कविता के कुछ पंक्तियाँ)
हो गई है पीर पर्वत -सी पिघलनी चाहिए
इस हिमालय से कोई गंगा  निकलनी चाहिए।
आज यह दीवार ,परदो की तरह हिलने लगी
शर्त लेकिन थी कि  ये बुनि याद हिलनी चाहिए।
हर  सड़क पर ,  हर गली में, हर नगर, हर  गांव में,
हाथ लहराते हुए हर लाशा चलनी चाहिए।
सिर्फ हमामा खड़ा करना मेरा मकसद नहीं
मेरी कोशिश है की ये सूरत बदलनी चाहिए।
मेरे सीने में नहीं तो तेरे सीने में सही
हो कहीं भी आग, लेकिन आग जलनी चाहिए।
-अनुष्का  अनिल , VIII D

# വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സമ്പന്നമാക്കിയ വിദ്യാലയദിനങ്ങൾ













സംസ്ഥാന ശാസ്ത്രോത്സവം-ഐ.ടി മേള - സമ്മാനാർഹനായ
ആദിത്യൻ ഡി. അജയ് (X A)




ഭാരതീയ ചികിത്സാവകുപ്പ്
കൊല്ലം
പ്രസാദം
വിദ്യാലയ ആരോഗ്യപദ്ധതി
2020 ജനുവരി 28 ചൊവ്വാഴ്ച രാവിലെ 9.30 ന്
ഗവ: ഹയർസെക്കന്ററി സ്കൂൾ, ഏരൂർ


ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഏരൂർ
Ph : 0475-227 3895, 2270500
സ്കൂൾ വാർഷികം
യാത്രയയപ്പ്
പ്രതിഭകളെ ആദരിക്കൽ
കലാപരിപാടികൾ
9 A.M
07
സ്ഥലം :
ഏരൂർ ജി.എൽ.പി.എസ്.
ഓഡിറ്റോറിയം












THE KERALA STATE
BHARAT SCOUTS & GUIDES







അക്ഷരം അറിവാണ്..... അറിവ് വെളിച്ചവും.....

അക്ഷരാത്മിക ഒരു നിറദീപമായി പ്രകാശിക്കും എന്നാണ് പ്രതീക്ഷ. ഈ ദീപം കൊളുത്താൻ കൂടെ നിന്നവർ ഏറെപ്പേരുണ്ട്. ഓരോ മുഖവും നന്ദിയോടെ സ്മരിക്കുന്നു.

**നന്ദി......**